(ഡി) സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകി തൊണ്ടിന്റെ കുത്തക സംഭരണം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 60 കയർപിരി സംഘങ്ങളും 3 യന്ത്രവൽകൃത ചകിരി നിർമ്മാണ സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നു. ഈ സഹകരണ സംഘങ്ങളിലായി 37,969 തൊഴിലാളികൾ ഉണ്ട്.

(ബി) 377 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലയിൽ അതാതു ഡീഫൈബറിംഗ് സംഘങ്ങൾ തന്നെ ഇപ്പോൾ ആവശ്യമായ തൊണ്ട് സംഭരിച്ചു വരുന്നുണ്ട്.

(ഡി) തൊണ്ട് സംഭരണത്തിന് സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന ഒരു പദ്ധതി ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലില്ല.

സാമൂഹ്യ വനവൽക്കരണ പദ്ധതി

105 [2972] ശ്രീ. കെ. നാരായണക്കുറുപ്പ്:
" തോമസ് ചാഴികാടൻ:
" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ കേന്ദ്ര സർക്കാരിന്റെയും സഹായത്തോടെ നടത്തിയിരുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതി പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) സാമൂഹ്യ വനവൽക്കരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) സാമൂഹ്യ വനവൽക്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാനുദ്ദേശിച്ച് തുടങ്ങിയിട്ടുള്ള ജില്ലാതല വനവിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ അവ തുടർന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുജനങ്ങൾക്ക് സ്വയം നഴ്സറികൾ ഉണ്ടാക്കുന്നതിനുള്ള സഹായ സഹകരണങ്ങൾ നൽകുക, സന്നദ്ധസംഘടനകൾക്കും, കൃഷിക്കാർക്കും മറ്റും ആവശ്യമായ പരിശീലനം നൽകുക, ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, വന വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുക, തടി വിഭവങ്ങളിൽ സ്വയം പര്യാപ്തത നേടുന്നതിനും, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക, വിറകുൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും തദ്വാര, വനവിഭവങ്ങളുടെ ചൂഷണം കുറയ്ക്കുന്നതിലേയ്ക്കുമായി സർക്കാർ വക തരിശു ഭൂമികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൗണ്ടുകളിലും, റെയിൽവേ, കനാൽ റോഡ്സൈഡുകളിലും വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക, കാറ്റ്, വെള്ളപ്പൊക്കം, മണ്ണൊലിപ്പ് തുടങ്ങിയ പരിസ്ഥിതിക പ്രശ്നങ്ങൾ തടയുന്നതിലേയ്ക്കായി തീരദേശ ങ്ങളിലും മറ്റും മരങ്ങൾ വച്ചുപിടിപ്പിക്കുക, ആദിവാസികൾക്കുവേണ്ടി സ്പെഷ്യൽ പ്ലാന്റേഷൻ സ്കീമുകൾ നടപ്പിലാക്കുക, ഇതിനെല്ലാമുപരി ജനങ്ങളിൽ വൃക്ഷസ്നേഹം വളർത്തുക തുടങ്ങിയവയാണ് സാമൂഹ്യ വനവൽക്കരണത്തിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(ഡി) വനവിജ്ഞാന കേന്ദ്രങ്ങൾ പതിനാല് ജില്ലകളിലും ഇപ്പോൾ പ്രവർത്തി ക്കുന്നുണ്ട്.

(ഇ) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

വനഗവേഷണ വിഭാഗത്തിന്റെ ജോലികൾ

106 [2973] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:

" കെ. കുട്ടി അഹമ്മദ് കുട്ടി:

" ഇസ്ഹാക് കുരിക്കൾ:

" കളത്തിൽ അബ്ദുള്ള:

" ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഗവേഷണ വിഭാഗം ഏതെല്ലാം ജോലികളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഗവേഷണഫലമായി ഈ മേഖലയ്ക്കുണ്ടായ നേട്ടങ്ങൾ വിശദമാക്കുമോ;

(സി) ഈ വിഭാഗത്തിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്;

(ഡി) ഇതിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴി ച്ചെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly